**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2304 — 09.12.2014-ലെ മറുപടിയ്ക്ക്

## ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ ലാഭകരമായാണോ പ്രവർത്തിക്കുന്നത്; | (എ) | കേരളത്തിൽ നിലവിലുള്ള 248 ത്രിവേണികളിൽ 11 എണ്ണം ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) | ലാഭത്തിൽ പ്രവർത്തിക്കുന്ന എത്രയെണ്ണമാണുള്ളത്; ജില്ല തിരിച്ച് വിശദമാക്കുമോ; | (ബി) | ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്. |

| ക്രമ നം. | ജില്ല | ലാഭകരമായി പ്രവർത്തിക്കുന്നവ |
|---|---|---|
| 1 | പത്തനംതിട്ട | 1 |
| 2 | ആലപ്പുഴ | 3 |
| 3 | എറണാകുളം | 2 |
| 4 | പാലക്കാട് | 5 |
| | ആകെ | 11 |

| | | | |
|---|---|---|---|
| (സി) | ലാഭത്തിലല്ല എങ്കിൽ ഈ സ്ഥിതി വരാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയാണ്; | (സി) | വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ ആവശ്യമായ അളവിൽ യഥാസമയം ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വിൽപ്പനയിലുണ്ടായ കുറവാണ് ഈ സ്ഥിതി വരാനുണ്ടായ സാഹചര്യം. |

(ഡി) പൊതുമാർക്കറ്റിൽ നിന്നും എത്ര ശതമാനം വിലക്കുറവിലാണ് ഇവയിലൂടെ സാധനങ്ങൾ വിൽക്കുന്നത്;

(ഡി) ത്രിവേണിയിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് 20 ശതമാനം വരെ പൊതുവിപണി/ എം.ആർ.പി.യെക്കാൾ വില കുറച്ചാണ് വിൽപ്പന നടത്തുന്നത്.

(ഇ) സബ്സിഡിയുള്ള ഇനങ്ങൾ ഏതൊക്കെയാണ്; ഇവയുടെ വില എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) ഉത്സവകാലങ്ങളിൽ മാത്രമാണ് സ്റ്റോറുകളിലൂടെ സർക്കാർ സബ്സിഡിയോടെ 13 ഇനം സാധനങ്ങൾ വിപണനം നടത്തുന്നത്. 2014 ഓണം സബ്സിഡി വിപണിയിലെ വില താഴെപ്പറയും പ്രകാരമായിരുന്നു.

| ഇനം | വിൽപ്പന (കി.ഗ്രാമിന്) |
|---|---|
| ജയ/സുരേഖ അരി | 25 |
| കുറുവ അരി | 25 |
| മട്ട അരി | 25 |
| പച്ചരി | 22 |
| പഞ്ചസാര | 26 |
| ചെറുപയർ | 74 |
| വൻകടല | 45 |
| ഉഴുന്ന് | 63 |
| വൻപയർ | 41 |
| തുവരപരിപ്പ് | 60 |
| മുളക് | 70 |
| മല്ലി | 90 |
| വെളിച്ചെണ്ണ | 125 |

(എഫ്) മൊബൈൽ ത്രിവേണികൾ എല്ലാ മണ്ഡലത്തിലും ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ;

(എഫ്) എല്ലാ മണ്ഡലങ്ങളിലും മൊബൈൽ ത്രിവേണികൾ സജ്ജമാക്കിയിരുന്നുവെങ്കിലും 19 മൊബൈൽ ത്രിവേണികളുടെ പ്രവർത്തനങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

| | | | |
|---|---|---|---|
| (ജി) | പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ച മൊബൈൽ ത്രിവേണിയിൽ ഒരു ദിവസം എത്ര രൂപയുടെ വില്പനയാണ് നടത്തുന്നത്? സ്ഥിരമായി ഡ്രൈവറെയും ജീവനക്കാരെയും ഇതിലേക്ക് നിയമിച്ചിട്ടുണ്ടോ; ഏതെങ്കിലും കാരണത്താൽ ഇവ ഓടാതിരിക്കാറുണ്ടോ; ഓരോ ദിവസവും എത്ര രൂപയുടെ സ്റ്റോക്ക് ആണ് വണ്ടിയിലേക്ക് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ; ആകെ എത്ര രൂപയുടെ സ്റ്റോക്ക് ആണ് വണ്ടിക്ക് അനുവദിച്ചിരിക്കുന്നത്; ഇവയെ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ; മലപ്പുറം ജില്ലയിൽ ലാഭകരമായി പോകുന്ന എത്ര മൊബൈൽ ത്രിവേണികളുണ്ട്; എങ്കിൽ അവ ഏതെല്ലാം മണ്ഡലത്തിലേതാണ്? | (ജി) | പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ച മൊബൈൽ ത്രിവേണിയിൽ ഒരു ദിവസം ശരാശരി 5267/- രൂപയുടെ വിൽപ്പനയാണ് നടക്കുന്നത്. സ്ഥിരമായി ഡ്രൈവറെയും ജീവനക്കാരെയും ഇതിലേക്ക് നിയമിച്ചിട്ടില്ല. ഡ്രൈവറോ മറ്റ് ബന്ധപ്പെട്ട ജീവനക്കാരോ അവധിയിലായിരിക്കുമ്പോൾ വാഹനം ഓടാറില്ല. ഓരോ റൂട്ടിലെയും വിൽപ്പനയ്ക്ക് അനുസൃതമായി ഗോഡൗണിലെ സ്റ്റോക്കിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് മൊബൈൽ ത്രിവേണിയിലേക്ക് സ്റ്റോക്ക് അനുവദിക്കുന്നത്. രണ്ട് ലക്ഷം മുതൽ രണ്ടര ലക്ഷം രൂപ വരെയുള്ള സ്റ്റോക്കാണ് ഓരോ മൊബൈൽ ത്രിവേണിക്കും പദ്ധതി പ്രകാരം അനുവദനീയമായിട്ടുള്ളത്. ത്രിവേണി സ്റ്റോറുകളുടെ ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിലുണ്ടായ തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. |

മലപ്പുറം ജില്ലയിൽ
ലാഭകരമായി പ്രവർത്തിക്കുന്ന
മൊബൈൽ ത്രിവേണികൾ
ഒന്നും തന്നെ ഇല്ല.

സെക്ഷൻ ഓഫീസർ